തുടർന്നുവരുന്നുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ബി. മോഹനകുമാറിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ലിഫ്റ്റ് ഓപ്പറേറ്ററായ ശ്രീ. ബി. സുരേന്ദ്രനാഥിന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. അറ്റൻഡർമാരായ ശ്രീ. മനോജ്. സി.എസ്., ശ്രീ. ഇർഷാദ്,വൈ., എന്നിവരുടെ സസ്പെഷൻ പിൻവലിച്ച് സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. 2008 മുതൽ ജോലിക്ക് ഹാജരാകാതിരുന്ന അറ്റൻഡറായ ശ്രീ. കെ. ചന്ദ്രബാബുവിനെ 24-5-2014-ൽ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു. സസ്പെൻഷനിലായിരുന്ന സെക്യൂരിറ്റി ഗാർഡായ ശ്രീ. കെ. ഷാനവാസിനെ 25-1-2014-ന് സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്.

മന്ത്രിമാരുടെ വിദേശപര്യടനം സംബന്ധിച്ച വിശദാംശങ്ങൾ

29 (6175) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ, മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർ നടത്തിയ ഔദ്യോഗികവും അനൗദ്യോഗികവുമായ വിദേശയാത്രകൾ ഏതെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ മന്ത്രിയും ചീഫ് വിപ്പും വിവിധ ഘട്ടങ്ങളിലായി നടത്തിയ ആദ്യാവസാനംവരെയുള്ള യാത്രാപരിപാടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഏതെങ്കിലും ഔദ്യോഗിക വിദേശയാത്രാപരിപാടിയിൽ ഏതെങ്കിലും മന്ത്രി യാത്രാവേളയിൽ മാറ്റം വരുത്തിക്കൊണ്ട് മറ്റേതെങ്കിലും സ്ഥലംകൂടി സന്ദർശിക്കുകയുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ & ബി) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* അന്തിമ മറുപടി ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ആശ്രിത നിയമനത്തിനുള്ള വരുമാന പരിധി

30 (6176) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോൺ ക്രീമിലെയർ വരുമാനപരിധിയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക നിശ്ചയിച്ച് ഉത്തരവിറങ്ങിയത് എന്നാണ് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പരിധിക്ക് ആനുപാതികമായി ആശ്രിത നിയമനത്തിന് പരിഗണിക്കുന്നതിനുള്ള വരുമാനപരിധി ഉയർത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly